# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2122 - 17/06/2014 -ലെ മറുപടിക്ക്

## പ്രത്യേക സാമ്പത്തിക സഹായം

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ബി.ഡി.ദേവസ്സി<br>ഡോ.ടി.എം.തോമസ് ഐസക് | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രത്യേക സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രസർക്കാർ പരിഗണിക്കുയുണ്ടായിട്ടുണ്ടോ ;<br>(ബി) ഈ സർക്കാർ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര കോടി വീതം സാമ്പത്തിക സഹായത്തിനായി കേന്ദ്രത്തോട് അഭ്യർത്ഥന നടത്തുകയുണ്ടായി; അവ വിശദമാക്കാമോ; എത്ര കോടി വീതം അനുവദിച്ചു കിട്ടുകയുണ്ടായി;<br>(സി) എഴുതി തള്ളുന്നതിനായി സംസ്ഥാന, കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത് ഏതൊക്കെ തുകയായിരുന്നു; എതെല്ലാം എഴുതി തള്ളുകയുണ്ടായി ; | 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയകളുടെ ഭാഗമായി റവന്യൂ കമ്മി, ധനകമ്മി ഇവയിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി 12-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.3.2012 വരെ ബാക്കി നില്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതി തള്ളുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റോഡുകളുടെ വികസനത്തിനായി കെ.എസ്.ടി.പി-2 പദ്ധതിയ്ക്കായി 1352 കോടി രൂപയുടെ ലോകബാങ്ക് ധനസഹായവും ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എൻ.എച്ച് ബൈപാസുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ അധിക ധനസഹായം കേന്ദ്ര ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം ഇന്റർ നാഷണൽ പോർട്ടിനായി 3000 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനവായ്പ ഇനത്തിൽ നൽകിയിട്ടുള്ള 458.86 കോടി രൂപ (മുതലിനത്തിൽ) എഴുതിത്തള്ളുന്നതിനായി ഹഡ്കോയ്ക്ക് നിർദ്ദേശം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നു. ഗതാഗത രംഗത്തെ പരിഷ്ക്കാരങ്ങൾക്കും കെ.എസ്.ആർ.ടി.സിയുടെ പുനരുജ്ജീവനത്തിനുമായി 960 കോടി രൂപ ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 250 കോടി രൂപ ഉൾപ്പെടെ 477.11 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്നും |

| | |
|---|---|
| | ആവശ്യപ്പെട്ടിട്ടുണ്ട്. ഹാൻഡ്‌ലൂം മേഖലയ്ക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ വായ്പ എഴുതിതള്ളൽ പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ 215 പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ഹാന്റെക്സിനും ലഭിക്കത്തക്കവിധം പദ്ധതിയുടെ വ്യവസ്ഥകളിൽ ഇളവ് വരുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വൻകിട ഡീസൽ ഉപഭോക്താക്കൾക്കുള്ള വിലനിയന്ത്രണം എടുത്ത കളഞ്ഞ കേന്ദ്രസർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്നും അത് സാദ്ധ്യമല്ലായെങ്കിൽ കുറഞ്ഞപക്ഷം ഇതുമൂലമുള്ള വിലവർദ്ധനവിൽ നിന്ന് പൊതു ഉപയുക്ത സർവ്വീസുകളായ കെ.എസ്.ആർ.ടി.സി, റയിൽവെ എന്നിവയെ ഒഴുവാക്കേണ്ടതാണെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം, തുറമുഖപദ്ധതികൾക്കായി വി.ജി.എഫ് സഹായം, കേരളത്തിൽ ഒരു ഇന്ത്യൻ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഇന്റർ നാഷണൽ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് ആയുർവേദിക് റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് ടെക്നോളജി എന്നിവയ്ക്കുള്ള സഹായത്തിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>മേൽ ആവശ്യങ്ങളിൽ 12-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.3.2012 വരെ ബാക്കി നില്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതി തള്ളണമെന്ന ആവശ്യം കേന്ദ്രസർക്കാർ പരിഗണിക്കുകയുണ്ടായില്ല. കേരള അഗ്രികൾച്ചറൽ സർവ്വകലാ ശാലയ്ക്കായി 100 കോടി രൂപ 2012-13 ലെ കേന്ദ്ര ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി കേരളത്തിനും ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കുമായി 75 കോടി രൂപ 2013-14 ലെ കേന്ദ്രബഡ്ജറ്റിൽ അധികമായി വകയിരുത്തിയിരുത്തുകയും 50 കോടി കേന്ദ്രത്തിൽ നിന്ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) സംയോജിത റോഡ് വികസനത്തിനായി 500 മില്യൻ യു.എസ്. ഡോളറിന്റെ എ.ഡി.ബി ധനസഹായം അനുവദിക്കുകയുണ്ടായോ; | സംയോജിത റോഡ് വികസന പദ്ധതിയ്ക്കായി ആവശ്യപ്പെട്ട എ.ഡി.ബി. ധനസഹായം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല. |
| ( ഇ ) കൊച്ചി മെട്രോയ്ക്ക് ആവശ്യപ്പെട്ടത് എത്ര; കിട്ടിയത് എത്ര; | കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനായി 2500 കോടി രൂപയുടെ ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) യുടെ സഹായത്തിന് വേണ്ട ശുപാർശയ്ക്കായി ആവശ്യപ്പെട്ടിരുന്നു. 31/03/2014 വരെ 147.80 കോടിരൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (എഫ്) പവർ ഹൗസുകളുടെ നവീകരണത്തിനായി ആവശ്യപ്പെട്ടത് എത്ര; കിട്ടിയത് എത്ര? | ഊർജ്ജ മേഖലയിലെ പരിഷ്ക്കരണങ്ങൾ, കെ.എസ്.സി.ബി ഉദ്യോഗസ്ഥരുടെ പെൻഷൻ ബാധ്യതക്കുള്ള സാമ്പത്തിക സഹായം പവർ ഹൗസുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി 2000 കോടി രൂപയുടെ ധനസഹായത്തിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ഒന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ